**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3574** **26-10-2021 - ൽ മറുപടിയ്ക്ക്**

**ആദിവാസികളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിനായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യനീതി വകുപ്പ് വയനാട് ജില്ലയിലെ ആദിവാസികളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടോ എന്ന് അറിയിക്കുമോ; | (എ) | കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (IMHANS)ന്റെ സഹകരണത്തോടെ വയനാട് ജില്ലയിലെ ആദിവാസികളുടെ മാനസികാരോഗ്യ പരിപാലനത്തിനായി ട്രൈബൽ മെന്റൽ ഹെൽത്ത് പ്രൊജക്റ്റ് എന്ന പേരിൽ ഒരു പദ്ധതി 2017 മുതൽ നടപ്പിലാക്കി വരുന്നു . |
| (ബി) | ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | (ബി)വയനാട് ജില്ലയിൽ ആദിവാസി വിഭാഗത്തിലുള്ള ആളുകൾക്ക് മാനസിക പരിചരണവും പുനരധിവാസവും നൽകുന്നതിനായി കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (IMHANS) മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ട്രൈബൽ മെന്റൽ ഹെൽത്ത് പ്രൊജക്റ്റ്. ആദിവാസി വിഭാഗങ്ങളിലെ ആളുകളുടെ മാനസികാരോഗ്യ പരിചരണവും പുനരധിവാസവും ലക്ഷ്യമാക്കി നടപ്പാക്കി വരുന്ന ഈ പദ്ധതി മറ്റ് മാനസികാരോഗ്യ പരിപാടികൾ , ആശുപത്രികൾ , സന്നദ്ധ സംഘടനകൾ എന്നിവർ എത്താത്ത ഇടങ്ങളിലെ മാനസിക വെല്ലുവിളി നേരിടുന്ന ആളുകളെ അവരുടെ ഊരുകളിൽ എത്തി കണ്ടെത്തി ചികിത്സയും മറ്റ് അനുബന്ധ പുനരധിവാസവും മാനസികാരോഗ്യ പരിപാലനവും നൽകുന്നതിന് ലക്ഷ്യം വെച്ചുള്ളതാണ്. 2017-18 സാമ്പത്തികവർഷത്തിൽ നടപ്പാക്കിയ പ്രസ്തുത പദ്ധതി ഇപ്പോഴും തുടരുന്നുണ്ട് . ഈ പദ്ധതിയുടെ ഭാഗമായി IMHANS മുഖേന ആരംഭിച്ച മൊബൈൽ മെന്റൽ ഹെൽത്ത് സെന്ററിലെ വിദഗ്ധരായ ഡോക്ടർമാരുടെയും ട്രൈബൽ മെന്റൽ ഹെൽത്ത് പ്രൊജക്റ്റ് ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ ജില്ലയിലെ വിവിധ കോളനികളിൽ പ്രവർത്തനങ്ങൾ നടത്തുകയും ചികിത്സ ആവശ്യമുള്ളവർക്ക് ആയത് നൽകുകയും, തുടർ |

| | | | |
|---|---|---|---|
| | | | ചികിത്സ ആവശ്യമായ രോഗികൾക്ക് മരുന്നും മറ്റ് തെറാപ്പികളും നൽകി വരുകയും ചെയ്യുന്നു . |
| (സി) | ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി നിലവിൽ എത്ര പേരുണ്ട് എന്ന് അറിയിക്കാമോ? | (സി) | നിലവിൽ 106 ഗുണഭോക്താക്കളുണ്ട്. |

സെക്ഷൻ ഓഫീസർ